**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - കോവിഡ്-19 പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും അവശ്യസാധനങ്ങളടങ്ങിയ ഭക്ഷ്യ കിറ്റ് വിതരണം സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം. 201/2020/ഭ.പൊ.വി.വ തീയതി, തിരുവനന്തപുരം, 23.07.2020**

=================================================================

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കോവിഡ്-19- മായി ബന്ധപ്പെട്ട ആശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും ഓണത്തോടനുബന്ധിച്ച് 11 അവശ്യസാധനങ്ങൾ അടങ്ങിയ ഭക്ഷ്യ വിഭവ കിറ്റ് സൗജന്യമായി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കിറ്റ് വിതരണം സുഗമമായി നടത്തുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. കിറ്റ് തയ്യാറാക്കി വിതരണം ചെയ്യുന്നതിന്റെ പൂർണ്ണ ചുമതല സപ്ലൈകോയ്ക്ക് ആയിരിക്കും. കിറ്റുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കി ഡിപ്പോകളിൽ എത്തിക്കുന്നതിനുള്ള ചുമതല CMD/GM സപ്ലൈകോയ്ക്കായിരിക്കും. കിറ്റുകളുടെ വിതരണം സംസ്ഥാനത്ത് റേഷൻ കടകൾ വഴിയായിരിക്കും നിർവ്വഹിക്കുന്നത്.
2. സപ്ലൈകോയുടെ കീഴിലുള്ള ഡിപ്പോകൾ കേന്ദ്രീകരിച്ചോ ഓരോ ഡിപ്പോയുടെയും സമീപമുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ കണ്ടെത്തിയോ ആവശ്യമുള്ള സാധനങ്ങൾ എത്തിക്കുന്നതിനും, സംഭരിക്കുന്നതിനും അവ പായ്ക്കിങ്ങ് സെന്ററുകളിലേയ്ക്ക് വിതരണം ചെയ്യുന്നതിനുമുള്ള ക്രമീകരണങ്ങൾ ജനറൽ മാനേജർ നടപ്പിലാക്കേണ്ടതാണ്.
3. പായ്ക്കിംഗ് നടത്തുന്നതിന് നിലവിലുള്ള ജീവനക്കാർ മതിയാകാത്ത സാഹചര്യത്തിൽ അംഗീകൃത സന്നദ്ധ പ്രവർത്തകരെ നിയോഗിക്കാവുന്നതാണ്. ഇക്കാര്യങ്ങൾക്കായി ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെയോ മറ്റ് സർക്കാർ ഉദ്യോഗസ്ഥരുടെയോ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്. സപ്ലൈക്കോയിൽ നിലവിലുള്ള പായ്ക്കിംഗ് ജീവനക്കാരും, വോളന്റിയായി നിയോഗിക്കുന്നവരും ജോലി ചെയ്ത ദിവസം, ചെയ്ത ജോലി എന്നിവ സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കുകയും, ദിവസേന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

4. കിറ്റ് തയ്യാറാക്കുന്നവർക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നിർദ്ദേശിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പ്രകാരമുള്ള സൗകര്യങ്ങൾ നല്കേണ്ടതാണ്. കോവിഡ് പശ്ചാത്തലത്തിൽ ഇവരുടെ ആരോഗ്യപരമായ ശാരീരിക അകലം കൃത്യമായി പാലിക്കേണ്ടതും സാനിറ്റൈസർ/സോപ്പ്, വെള്ളം, മാസ്ക്, ഗ്ലൗസ് എന്നീ അവശ്യ സാധനങ്ങൾ നിർബന്ധമായും വിതരണം ചെയ്യേണ്ടതുമാണ്. പായ്ക്കിംഗ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ചായ, സ്നാക്ക്സ്, ഉച്ചഭക്ഷണം എന്നിവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. Quality Control ഉദ്യോഗസ്ഥൻമാർ/ സപ്ലൈകോ വിജിലൻസ് സെൽ, സാധനങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തേണ്ടതും കിറ്റിന്റെയും സാധനങ്ങളുടെയും സ്റ്റോക്ക്, ട്രാൻസ്പോർട്ടേഷൻ എന്നീ കാര്യങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതുമാണ്.
6. ഓരോ ജില്ലയിലും റേഷൻ കാർഡിന് ആനുപാതികമായി എ.എ.വൈ, പി.എച്ച്.എച്ച്, നോൺ പ്രയോറിറ്റി വിഭാഗങ്ങൾക്ക് എത്ര കിറ്റ് തയ്യാറാക്കണമെന്ന് സപ്ലൈകോ മാനേജിംഗ് ഡയറക്ടർ കണക്കാക്കി അതിനാനുപാതികമായി വിഭവങ്ങളും ആവശ്യമുള്ള മാനവശേഷിയും ക്രമീകരിക്കേണ്ടതും എ.ആർ.ഡികളിൽ നിന്നുള്ള ആവശ്യങ്ങളനുസരിച്ച് വിതരണം നടത്തേണ്ടതുമാണ്.

എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗക്കാർക്കാവശ്യമായ കിറ്റുകൾ ഓഗസ്റ്റ് 05 മുതൽ 15 വരെയും എൻ.പി.എസ് വിഭാഗത്തിന് 16 മുതൽ 20 വരെയും എൻ.പി.എൻ.എസ് വിഭാഗത്തിന് 21 മുതൽ 25 വരെയും വിതരണം നടത്താൻ കഴിയുന്ന രീതിയിൽ കിറ്റുകൾ തയ്യാറാക്കി റേഷൻ കടകളിൽ എത്തിക്കേണ്ടതാണ്.

ഇതിനാവശ്യമായി വരുന്ന ചെലവ് സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്.

കിറ്റ് തയ്യാറാക്കുന്നതിനും വിതരണത്തിനും ഉണ്ടാകുന്ന അനുബന്ധചെലവുകൾ സാധനവിലയുടെ 10% ൽ അധികരിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, ചെലവുകൾ പരാമവധി പരിമിതപ്പെടുത്തുന്നതിനും ശ്രമിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**മണിലാൽ ബി.എസ്.**
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, മാവേലി ഭവൻ, കൊച്ചി.
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ